പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം.

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം.2961 .

28.1.2014 -ൽ
മറുപടിയ്ക്ക്

## സ്വയംഭരണ കോളേജ് സമ്പ്രദായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്. | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്വയംഭരണ കോളേജ് സമ്പ്രദായം നടപ്പിലാക്കുന്നത് കേരളം ആർജ്ജിച്ച വന്ന പൊതുവിദ്യാഭ്യാസ രീതികളും മതേതര ജനാധിപത്യ സങ്കൽപ്പങ്ങളും അപകടത്തിലാക്കും എന്നകാര്യം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകാമോ ; പരിശോധിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ട് ; | (എ) ഉണ്ട്. തികച്ചും വസ്തു നിഷ്ഠമായ സൂചികകളുടെ അടിസ്ഥാനത്തിൽ യു.ജി.സിയുടെ മാർഗ്ഗ രേഖകൾക്ക് വിധേയമായിട്ടാണ് സ്വയംഭരണ കോളേജുകളെ തെരഞ്ഞെടുത്തിട്ടുള്ളത്. സ്വയംഭരണ കോളേജുകളുകളിലെ കോഴ്സുകൾ സംബന്ധിച്ച് അന്തിമ തീരുമാനം സ്വീകരിക്കുന്നത് സർവകലാശാലകളായിരിക്കും<br>അതിനാൽ കോളേജ് മാനേജ്മെന്റിന്റെ താല്പര്യ പ്രകാരമുള്ള പാഠ്യപദ്ധതി , നിക്ഷിപ്ത താല്പര്യങ്ങൾ സിലബസ്സിൽ ഉൾപ്പെടുത്തുന്നതിനുള്ള നീക്കം എന്നിവ നിയന്ത്രിക്കുന്നതിന് കഴിയും.സ്വയംഭരണ കോളേജുകളിൽ ആരംഭിക്കുന്ന കോഴ്സുകളിലെ ഫീസ് സർക്കാരിന്റെയും സർവകലാശാലയുടെയും അനുമതിയോട് കൂടി മാത്രമായിരിക്കും നിശ്ചയിക്കുക.സർക്കാരിന്റെ നിലവിലുള്ള സംവരണ നയം പാലിച്ച് തന്നെയായിരിക്കും സ്വയംഭരണ കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം നടത്തുന്നത്. സ്വയംഭരണ കോളേജിൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സേവന-വേതന |

വ്യവസ്ഥകൾ സർക്കാരുമായി എയ്ഡഡ് കോളേജ് മാനേജ്മെന്റ് ഏർപ്പെട്ടിട്ടുള്ള കരാറിനു അനുസൃതമായി തുടരുന്നതായിരിക്കും.

(ബി) രണ്ടാം കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ചുമതലപ്പെടുത്തിയ പ്രൊഫ.ജെ.എ.കെ.തരീൻ അദ്ധ്യക്ഷനായ കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ ശ്രദ്ധേയമായ പരാമർശമായ അഫിലിയേഷൻ സമ്പ്രദായത്തിന് പകരമായി നിർദ്ദേശിച്ച 'കോളേജ് ക്ലസ്റ്റർ മൾട്ടികാമ്പസ് സർവ്വകലാശാല ' എന്ന ആശയം മാധവമേനോൻ കമ്മിറ്റിയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇല്ല. ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപം നൽകിയ മൂന്ന് ക്ലസ്റ്ററുകൾ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലകളിൽ നിലവിലുണ്ട്. എന്നാൽ നിലവിലുള്ള ക്ലസ്റ്റർ മാനദണ്ഡങ്ങൾ പ്രകാരം ചില സ്വകാര്യ,എയ്ഡഡ് കോളേജുകൾ ഇതിൽ പങ്കാളികളാകാൻ തയ്യാറാകാത്തതിനാൽ ക്ലസ്റ്റർ മാർഗ്ഗ രേഖയിൽ കാതലായ മാറ്റങ്ങൾ വരുത്തി ഇത്തരം കോളേജുകളെ കൂടി ക്ലസ്റ്ററിൽ പങ്കാളികളാക്കാനുള്ള പരിപാടികൾ ആവിഷ്കരിക്കുന്നതാണ്.

(സി) പ്രൊഫസർ തരീൻ കമ്മിറ്റിയിലെ ശുപാർശകൾക്ക് വിരുദ്ധമായ നിലപാട് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ യെന്നറിയിക്കുമോ ?

(സി) നിലവിലെ അഫിലിയേഷൻ സമ്പ്രദായത്തിന് പകരമായി കോളേജ് ക്ലസ്റ്റർ മൾട്ടിപ്പിൾ ക്യാമ്പസ് സർവകലാശാലകൾ എന്ന പ്രൊഫസ്സർ തരീൻ കമ്മിറ്റിയുടെ ശുപാർശയിന്മേൽ കൂടുതൽ പഠനം നടത്തി ഉചിതമായ തീരുമാനം സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ